(സി) വിജിലൻസ് ശുപാർശപ്രകാരം ഇൻക്രിമെന്റ് റദ്ദാക്കുകയും മറ്റ് അച്ചടക്ക നടപടികൾക്ക് വിധേയരാകുകയും ജില്ലയ്ക്ക് പുറത്ത് സ്ഥലം മാറ്റപ്പെടുകയും ചെയ്ത ഉദ്യോഗസ്ഥർക്ക് വകുപ്പുമേധാവിയുടെ ശുപാർശയില്ലാതെയും ഡിപി.സി. യോഗം ചേരാതെയും എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പ്രൊമോഷൻ നൽകുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ് വകുപ്പുമേധാവിയുടെ ശുപാർശ പ്രകാരം കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) മാതൃവകുപ്പു മേധാവിയുടെ ശുപാർശയില്ലാതെ എക്സിക്യൂട്ടീവ് ഉത്തരവു വഴി ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകാനുള്ള നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ അത് റദ്ദ് ചെയ്യുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സ്പെഷ്യൽ റൂളിന്റെ അഭാവത്തിലോ ഭരണപരമായ അസൗകര്യങ്ങളാലോ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ പാർട്ട് II-ൽ റൂൾ 31 (a) (i) പ്രകാരം ഉയർന്ന തസ്തികകളിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണിക്കാറുണ്ട്.

(സി ആന്റ് ഡി) സാധാരണഗതിയിൽ വകുപ്പുമേധവിയുടെ ശുപാർശ ഇല്ലാതെയും ഡി.പി.സി. യോഗം കൂടാതെയും പ്രൊമോഷൻ നൽകാറില്ല. ഇതിനു വിപരീതമായിട്ടുള്ള ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ സാധുതയെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും ശമ്പള പുനഃക്രമീകരണവും

12 [809] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നാളിതു വരെ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അഞ്ചു വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമെന്ന മുൻ ഗവൺമെന്റിന്റെ തീരുമാനം വൈകിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) മുൻ കേന്ദ്ര സർക്കാർ കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് അവരുടെ ശമ്പളത്തോടൊപ്പം 50 ശതമാനം ഡിഎ. കൂടി കൂട്ടിച്ചേർത്ത് ശമ്പളം പുനഃക്രമീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻപ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും ശമ്പളം പുനഃക്രമീകരിക്കുവാനും ശമ്പള പരിഷ്ക്കരണ നടപടികൾ ആരംഭിക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഇ) ശമ്പള പരിഷ്ക്കരണ നടപടികൾ ആരംഭിക്കാൻ ഏതെല്ലാം സർവ്വീസ് സംഘടനകൾ സർക്കാരിനോട് ആവശ്യം ഉന്നയിച്ച് നിവേദനങ്ങൾ നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതിൻമേൽ സർക്കാർ എന്തു നടപടികൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) (എ)-യുടെ മറുപടി കാണുക.

(ഇ) മിക്കവാറും എല്ലാ സർവ്വീസ് സംഘടനകളും ഈ ആവശ്യം ഉന്നയിച്ച് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(എഫ്) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

സെക്രട്ടേറിയറ്റിൽ എം.ജി.പി.-യുടെ ഭാഗമായുള്ള മോടിപിടിപ്പിക്കൽ

13 [811] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.പി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) സെക്രട്ടേറിയറ്റ് മോടിപിടിപ്പിക്കുന്നതിനായി എന്തു തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട്; ഇവയുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) നീക്കം ചെയ്ത പഴയ ഫർണിച്ചറുകൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എന്തു തുക സർക്കാരിനു ലഭിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഫർണിച്ചറുകൾ സർക്കാർ വിദ്യാലയങ്ങൾക്കോ മറ്റു സ്ഥാപനങ്ങൾക്കോ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പഴയ ഫർണിച്ചറുകൾ പുറത്തേക്ക് കടത്തിക്കൊണ്ട് പോയതായി പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്;

(എഫ്) എത്ര രൂപയുടെ ഫർണിച്ചറുകൾ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്?

ഉത്തരം

(എ ആന്റ് ബി) മെയിൻ ബിൽഡിങ്ങിന്റെ പുനഃരുദ്ധാരണം, മോഡുലാർ സീറ്റിംഗ് എന്നീ പരിഷ്കാരങ്ങളാണ് സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി ഇതിനകം 3.48 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(സി ആന്റ് ഡി) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിലയീടാക്കാതെ ഫർണിച്ചറുകൾ നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly